കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൈലം ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി3-1789/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.

തീയതി:09/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി3-1789/16

തീയതി:09/01/2017.

<u>കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ</u>
<u>2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-02-2016 മുതൽ 31-09-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.10.2016 മുതൽ 01.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സജികുമാർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജഗദീഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനീഷ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രാകേഷ്.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഷീബാമോൾ | 01-04-2015 മുതൽ 31-10-2015 വരെ |
| | ശ്രീ. പി. ഒ. മാത്യൂ (സെക്രട്ടറി) പ്രസിഡന്റിന്റെ അധിക ചുമതല | 01-11-2015 മുതൽ 18-11-2015 വരെ |
| | ശ്രീമതി. ഗിരിജാ മുരളീധരൻ | 19-11-2015 മുതൽ 31-03-2016 വരെ |
| സെക്രട്ടറി | ശ്രീ. പി. ഒ. മാത്യൂ | 01-04-2015 മുതൽ 03-09-2015 വരെ |
| | ശ്രീ.വി.സുരേഷ് കുമാർ | 18-09-2015 മുതൽ 31-03-2016 വരെ |
| | ശ്രീ.റഹീംകുട്ടി (സെക്രട്ടറിയുടെ അധിക ചുമതല) | 04-09-2015മുതൽ 17-09-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അഞ്ജുജോർജ്ജ് | 01-04-2015 മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.കെ.അനീഷ് | 01-04-2015 മുതൽ 31-03-2016 വരെ |
| വി.ഇ.ഒ. | ശ്രീമതി. ശ്രീലതാകുമാരി | 01-04-2015 മുതൽ 31-03-2016 വരെ |
| | ശ്രീ സിജിൽ രാജ് | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. അനശ്രീ. എസ് | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം. | ഡോ. അനിൽകുമാർ | 01-04-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി വിനീത | 01-04-2015 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 31-03-2016 വരെ |
| ഹെഡ് മാസ്റ്റർ, കെ.വി.എൽ.പി.എസ്, മൈലം | ശ്രീ. ജയിംസ് ജോർജ്ജ് | 01-04-2015 മുതൽ 31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. റഹീംകുട്ടി | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച് സി | ഡോ. ബിൻസി | 01-04-2015 മുതൽ 31-03-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

| | | |
|---|---|---|
| | ഭാഗം -2 | |
| 12 | റിസീവർ ഭരണത്തിലിരിക്കുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിലെ തുകകൾ പിൻവലിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 2-1 |
| 13 | സഞ്ചയയിൽ രേഖപ്പെടുത്തിയ ഡിമാന്റ് തുകയും ഔട്ട്ഡോർ കളക്ഷൻ രശീതി പ്രകാരമുള്ള കളക്ഷൻ തുകയും പൊരുത്ത – പ്പെടുന്നില്ല. | 2-2 |
| 14 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല | 2-3 |
| 15 | ഇ – ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്ക വരുത്തിയിട്ടില്ല | 2-4 |
| 16 | ടെണ്ടർ ഫോറ വിലയോടൊപ്പം വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള 11610/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല. | 2-5 |
| 17 | വസ്തുനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 2-6 |
| | ഭാഗം-3 | |
| 18 | ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി, മുതൽ തിരിച്ചടവ് ഇനത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് 986314/- രൂപ അധികം നല്കി | 3-1 |
| 19 | പാലത്തിട്ട ഭാഗം റോഡ് ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല – ഉപയോഗിക്കാത്ത 1174 കി ഗ്രാം സിമന്റിന് നല്കിയിട്ടുള്ള തുക 7353/-രൂപ നിരാകരിക്കുന്നു. | 3-2 |
| 20 | ടാങ്ക് കപ്പാസിറ്റിക്ക് അധികമായി ജീപ്പിന് ഇന്ധനം വാങ്ങിയ | 3-3 |

| | | |
|---|---|---|
| | ഇനത്തിൽ 12506/- രൂപ അധികം ചെലവഴിച്ചു. | |
| 21 | മരാമത്ത് പ്രവൃത്തികളിൽ ക്രമ പ്രകാരമല്ലാതെ കരാറിലേർപ്പെട്ടു – 23330/- രൂപ നഷ്ടം. | 3-4 |
| 22 | ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടിൽ നിന്നും 115360/-രൂപ നഷ്ടപ്പെട്ടു. | 3-5 |
| 23 | ദിവസ വേതനമിനത്തിൽ 13550/- രൂപ അധികം നൽകി. | 3-6 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 1150000/-രൂപ തടസ്സപ്പെടുത്തുന്നു | 3-7 |
| 25 | വൈദ്യുതി ബോർഡിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല - 342540/- രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 26 | ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച 34500/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു | 3-9 |
| 27 | മഴക്കാല പൂർവ ശുചീകരണം - മുൻകൂറായി നൽകിയ 80925/-രൂപയുടെ ക്രമീകരണ വൗച്ചറുകൾ ഹാജരാക്കിയില്ല-ചെലവ് തടസപ്പെടുത്തുന്നു | 3-10 |
| 28 | പഞ്ചായത്തിന്റെ അധീനതയിലുള്ള ആംബുലൻസ് മുഴുവൻ സമയ പ്രവർത്തനം നടത്തുന്നില്ല. | 3-11 |
| 29 | പദ്ധതി അടങ്കൽ തുകയിൽ അധികമായി കുടുംബശ്രീക്ക് കൈമാറിയ 170000/-രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു | 3-12 |
| 30 | കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- 170000/- വിതരണം നടത്തിയില്ല. | 3-13 |

| | | |
|---|---|---|
| 31 | മരുന്ന് ലഭ്യമാക്കിയില്ല - 'ഹോംകോ' യ്ക്ക് നൽകിയ തുക തടസ്സപ്പെടുത്തുന്നു. | 3-14 |
| 32 | കുടിവെള്ള പദ്ധതി-ഭൂജല വകുപ്പിൽ നീക്കിയിരുപ്പുള്ള തുക വികസന ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ് | 3-15 |
| 33 | വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്-മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-16 |
| 34 | അതുല്യം-സംപൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി-പദ്ധതി നിർവഹണത്തിൽ അപാകതകൾ | 3-18 |
| | ഭാഗം-4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 44 | സാക്ഷ്യപത്രം | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23-03-2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 17.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

മൈലം ഗ്രാമപഞ്ചായത്ത് 2015-16 വാർഷിക കണക്കിലെ അപാകതകൾ

1 . അക്കൗണ്ട് നമ്പർ 57018981876(എസ്.ബി. റ്റി പെൻഷൻ)-ൽ നിന്നും

27/09/2015 ൽ 115360/- രൂപ ട്രാൻസ്ഫർ ചെയ്തത് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

2 താഴെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിലെ പലിശ വരവ് അക്കൗണ്ട്

ചെയ്യപ്പെട്ടിട്ടില്ല.

| ബാങ്ക്അക്കൗണ്ട് | മുന്നിരുപ്പ് | നീക്കിയിരിപ്പ് |
|---|---|---|
| എസ്.ബി.റ്റി (പെൻഷൻ) | 111624 | 111624 |
| താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (തനത് ഫണ്ട്) | 746313 | 746313 |
| താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (കുടുംബശ്രീ) | 572 | 572 |
| താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് (ആമ്പുലൻസ്) | 122121 | 122121 |

3 ഇ.എം.എസ് ലോൺ അക്കൗണ്ട് പാസ് ബുക്ക് പ്രകാരം 2014-15 ലെ വായ്പ കുടിശ്ശിക 1538650/- രൂപയാണ്. എന്നാൽ അക്കൗണ്ട് ശീർഷകം 330500120 പ്രകാരം 2015-16 ലെ മുന്നിരുപ്പ് കുടിശ്ശിക 3092100/- രൂപ

4. ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ മുൻകൂറായി ചെലവഴിച്ച 34500/- രൂപ ബാലൻസ് ഷീറ്റ് ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

5. 2015-16 ലെ ലൈബ്രറി സെസ്സ് കിഴിച്ചുള്ള വസ്തു നികുതി ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയർ

പ്രകാരം 3471456/- രൂപയും അക്കൗണ്ട് ശീർഷകം 431100101 പ്രകാരം 2934573/- രൂപയുമാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27409164 |
| വരവ് | 58574771 |
| ആകെ | 85983935 |
| ചെലവ് | 70868188 |
| നീക്കിബാക്കി | 15115747 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1435639 | 13570000 | 15005639 | 15005639 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 1721505 | 9398301 | 11119806 | 11119806 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 995442 | 8278810 | 9274252 | 9274252 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 592275 | 3822737 | 4415012 | 4415012 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1810782 | 7946751 | 9757533 | 9757533 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 4298809 | 3495579 | 7794388 | 7794338 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 30287771 | 30287771 | 30265440 | 22331 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 289 | 76779048 | 201 | 61016430 | ഇല്ല | 88 | 69.55% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13.74 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4698342 | 3259564 | 1438778 | 30% |
| നികുതിയേതര വരവുകൾ | 2361242 | 951815 | 1409427 | 59% |
| മറ്റുവരവുകൾ | 9665505 | 10215335 | (-)549830 | 5.6% |
| ആകെ | 16725089 | 14426714 | 2298375 | 13.74% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 536640 | 320 |
| കർഷകതൊഴിലാളി പെൻഷൻ | 5554560 | 792 |
| വിധവാപെൻഷൻ | 15566880 | 1370 |
| വാർദ്ധക്യകാലപെൻഷൻ | 16994520 | 1820 |
| വികലാംഗപെൻഷൻ | 4221610 | 358 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1002800 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.10.16 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8826/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റ രീതിയിലാക്കുന്നതിന്

ആവശ്യമായ പ്രധാനപ്പെട്ട രജിസ്റ്ററുകൾ ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, രേഖകൾ യഥാവിധി പരിശോധനയ്ക്ക് ഹാജരാക്കുന്നതിലുള്ള കൃത്യത, ഫ്രണ്ട് ഓഫീസ് സംവിധാനം എന്നിവ മെച്ചപ്പെട്ട രീതിയിലാണ്.

ധനാഗമ-ധനവിനിയോഗം സംബന്ധിച്ചുള്ള ഉത്തരവ് ജി.ഒ.(പി)177/2006/12-04-06 ഖണ്ഡിക 18-3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ റ്റി.ആർ 7A കാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വരവ്-ചെലവ് വിവരം രേഖപ്പെടുത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥർ 7A കാഷ് ബുക്കിൽ വരവ്-ചെലവ് വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ട്, ബി-ഫണ്ട് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

### **1-11** <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.16-26.05.16 | 3/2016 | പി.എ.4 1298/16/ 26.07.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.3.14 മുതൽ 18.3.14 വരെ | 2008-09മുതൽ 2012-13 വരെ | LBAHQ1V/8A-2121/14-15/27 7.5.14 |

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### **2-1** <u>റിസീവർ ഭരണത്തിലിരിക്കുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിലെ തുകകൾ പിൻവലിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.</u>

റിസീവർ ഭരണത്തിലിരിക്കുന്ന താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിലെ തുകകൾ പിൻവലിക്കാൻ നടപടികൾ സ്വീകരിക്കാതിരുന്നതു സംബന്ധിച്ച വിശദമായ പരാമർശം മൈലം ഗ്രാമപ്പഞ്ചായത്തിന്റെ 2014-15 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക l(2-1) ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. 2015-16 സാമ്പത്തിക വർഷത്തിലും തൽസ്ഥിതി തുടരുകയാണ്. താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിഷ്ക്രീയമായി നില

നില്ക്കുന്ന അക്കൗണ്ടുകളിലെ മുഴുവൻ തുകയും നിയമാനുസൃത പലിശ സഹിതം പിൻവലിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**2-2** സഞ്ചയയിൽ രേഖപ്പെടുത്തിയ ഡിമാന്റ് തുകയും ഔട്ട്ഡോർ കളക്ഷൻ രശീതി പ്രകാരമുള്ള കളക്ഷൻ തുകയും പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ കെട്ടിട നികുതി പിരിച്ചെടുക്കുന്നതിന് സഞ്ചയയിൽ തയ്യാറാക്കിയ ഡിമാന്റും ഔട്ട്ഡോർ രശീതി പ്രകാരം പിരിച്ചെടുത്ത തുകകളും തമ്മിൽ വ്യത്യാസം കാണുന്നു. രശീതി പരിശോധനയിൽ കാണപ്പെട്ട അപാകതകളിൽ ചിലത് ചുവടെ ചേർക്കുന്നു.

| രശീതി നം | കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഡിമാന്റ് | പിരിച്ച തുക | വ്യത്യാസം |
|---|---|---|---|---|
| 29/12766 | 13/419 | 245 | 13 | 232 |
| 36/12766 | 13/93 | 548 | 79 | 469 |
| 46/12766 | 13/212 | 720 | 270 | 450 |
| 57/12766 | 8/784 | 28 | 17 | 11 |

വസ്തുനികുതി പരിഷ്കരണം നടത്തുമ്പോൾ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്ന കെട്ടിടനികുതി ശരിയായി ഡിമാന്റ് ചെയ്യ് ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിന് വൻ തുക നഷ്ടം സംഭവിക്കുന്നു. കൂടാതെ കുടിശ്ശിക വസ്തു നികുതി കണക്കാക്കുന്നതിലും വ്യത്യാസം സംഭവിക്കുന്നു. ഡിമാന്റ് തുക തന്നെ പിരിച്ചെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**2-3** വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല

ഡി & ഒ രജിസ്റ്ററിലെ കണക്കുകൾ പ്രകാരം 2015-16 വർഷം 220 കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്ന 165 സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം 2015-16 വരെ ആകെ 1210 കെട്ടിടങ്ങൾ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി നിർമ്മിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | | | | | | ഇതര വ്യവസായ സ്ഥാപനങ്ങൾ | ഓഡിറ്റോറിയങ്ങൾ | ആകെ | 2015-16 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|---|---|
| | 100 ച.മീ വരെയുള്ള ഹോട്ടൽ, ഗോഡൗൺ, ഷോപ്പുകൾ | 100 ച.മീ മുകളിലുള്ള ഹോട്ടൽ, ഗോഡൗൺ, ഷോപ്പുകൾ | 200ച.മീ വരെയുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിങ് മാളുകൾ | 200ച.മീ മുകളിലുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിങ് മാളുകൾ | ബങ്കുകൾ, പെട്ടി കടകൾ | ഷെഡ്ഡുകൾ, (കശുവണ്ടി ഫാക്ടറികൾ, തുടങ്ങിയവ) | | | | | |
| 1 | 25 | 1 | | | 0 | 1 | 14 | | 41 | 6 | 35 |
| 2 | 35 | 13 | 1 | | 18 | 0 | 8 | | 75 | 21 | 54 |
| 3 | 72 | 3 | | | 3 | 0 | 7 | 3 | 88 | 10 | 78 |
| 4 | 20 | 1 | | | 0 | 1 | 0 | | 22 | 1 | 21 |
| 5 | 59 | 1 | | | 2 | 1 | 3 | | 66 | 8 | 58 |
| 6 | 17 | 0 | | | 0 | 9 | 2 | | 28 | 2 | 26 |
| 7 | 19 | 2 | | | 0 | 6 | 2 | | 29 | 2 | 27 |
| 8 | 16 | 11 | | | 1 | 3 | 14 | | 45 | 11 | 34 |
| 9 | 50 | 0 | | | 0 | 9 | 2 | 1 | 62 | 37 | 25 |
| 10 | 92 | 4 | | | 0 | 7 | 0 | | 103 | 15 | 88 |
| 11 | 31 | 0 | | | 1 | 8 | 1 | | 41 | 12 | 29 |
| 12 | 37 | 1 | | | 0 | 2 | 1 | | 41 | 06 | 35 |
| 13 | 57 | 1 | 0 | 0 | 1 | 2 | 1 | 0 | 62 | 4 | 58 |
| 14 | 52 | 4 | 0 | 0 | 0 | 2 | 2 | 0 | 60 | 4 | 56 |
| 15 | 59 | 0 | | | 1 | 2 | 0 | | 62 | 4 | 58 |
| 16 | 66 | 0 | 0 | 0 | 0 | 2 | 2 | 0 | 70 | 14 | 56 |
| 17 | 67 | 3 | 0 | 0 | 0 | 3 | 1 | 0 | 74 | 9 | 65 |
| 18 | 114 | 0 | 0 | 0 | 1 | 11 | 1 | 0 | 127 | 35 | 92 |
| 19 | 88 | 2 | 0 | 0 | 0 | 11 | 0 | 1 | 102 | 15 | 87 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 20 | 09 | 0 | 0 | 0 | 0 | 3 | 0 | 0 | 12 | 4 | 8 |
| | 985 | 47 | 1 | 0 | 28 | 83 | 61 | 5 | 1210 | 220 | 990 |

വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി നിർമിച്ച് വസ്തുനികുതി നിർണയിച്ച 990 കെട്ടിടങ്ങൾ പ്രവർത്തനരഹിതമായി കിടക്കുന്ന എന്ന് കരുതാവുന്നതല്ല. ഗ്രാമ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ഡി & ഒ ലൈസൻസ് ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-4 ഇ- ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കിയിട്ടില്ല

ഇ- ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക മൈലം പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തിയതിന്റെ വിവരങ്ങൾ 2015-16 വർഷത്തിൽ ഇ- ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം, ലഭിച്ച ടെണ്ടറുകൾ, ടെണ്ടർ ഫോറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ഒടുക്കിയിട്ടുള്ള തുക എന്നിവയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28-10-2016 ൽ നല്കിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 3), ടെണ്ടർ ഫോറ വില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തന്നെയാണുള്ളതെന്നും ടി തുക മൈലം പഞ്ചായത്തിലേയ്ക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. ടെണ്ടർ ഫോറ വില, വാറ്റ് ഇനത്തിൽ ഈടാക്കി കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ പഞ്ചായത്തിലേയ്ക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുകകൾ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫോറവിലയോടൊപ്പം വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള 11610/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല.

ബുക്ക് നമ്പർ 12762 പ്രകാരം ടെണ്ടർ ഫോറ വിലയോടൊപ്പം വാറ്റ് ഇനത്തിൽ 11610/- രൂപ ഈടാക്കിയിട്ടുണ്ട്. ടി തുക സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 28-10-2016 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ -4) മറുപടി ലഭ്യമാക്കിയിട്ടില്ല. വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-6 കെട്ടിട നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

കെട്ടിട നികുതി ഇനത്തിൽ 2015-16 കാലയളവിൽ വൻ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. നിലവിൽ പഞ്ചായത്തിൽ വാടക, ലേലം ഇനങ്ങളിൽ നാമമാത്ര തുക മാത്രമാണ് വരവുള്ളത്. ആയതിനാൽ കെട്ടിട നികുതി ഇനത്തിൽ പിരിച്ചെടുക്കേണ്ട തുക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. പിരിച്ചെടുക്കേണ്ട തുകയുടെ വിശദാംശം ചുവടെചേർക്കുന്നു.

| വാർഡ് നം | കുടിശ്ശിക | | | തൻവർഷം പിരിച്ചെടുക്കാൻ അവശേഷിച്ച തുക | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| | കെട്ടിട നികുതി | ലൈബ്രറി സെസ്സ് | ആകെ | കെട്ടിട നികുതി | ലൈബ്രറി സെസ്സ് | ആകെ | കെട്ടിട നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 1 | 366697 | 18335 | 385032 | 185085 | 9254 | 194339 | 551782 | 27589 | 579371 |
| 2 | 498915 | 24946 | 523861 | 260099 | 13005 | 273104 | 759014 | 37951 | 796965 |
| 3 | 596768 | 29838 | 626606 | 330541 | 16527 | 347068 | 927309 | 46365 | 973674 |
| 4 | 173390 | 8670 | 182060 | 87060 | 4353 | 91413 | 260450 | 13023 | 273473 |
| 5 | 524230 | 26212 | 550442 | 241968 | 12098 | 254066 | 766198 | 38310 | 804508 |
| 6 | 118097 | 5905 | 124002 | 63413 | 3171 | 66584 | 181510 | 9076 | 190586 |
| 7 | 190442 | 9522 | 199964 | 128281 | 6414 | 134695 | 318723 | 15936 | 334659 |
| 8 | 463189 | 23159 | 486348 | 253358 | 12668 | 266026 | 716543 | 35827 | 752370 |
| 9 | 380256 | 19013 | 399269 | 203063 | 10153 | 213216 | 583319 | 29166 | 612485 |
| 10 | 265943 | 13297 | 279240 | 153678 | 7684 | 161362 | 419621 | 20981 | 440602 |
| 11 | 227320 | 11366 | 238686 | 120360 | 6018 | 126378 | 347680 | 17384 | 365064 |
| 12 | 221104 | 11055 | 232159 | 116385 | 5819 | 122204 | 337489 | 16874 | 354363 |
| 13 | 272275 | 13614 | 285889 | 149556 | 7478 | 157034 | 421831 | 21092 | 442923 |
| 14 | 273321 | 13666 | 286987 | 121825 | 6091 | 127376 | 395146 | 19757 | 414903 |
| 15 | 180944 | 9047 | 189991 | 89104 | 4455 | 93559 | 270048 | 13502 | 283550 |
| 16 | 248453 | 12423 | 260876 | 134650 | 6732 | 141383 | 383103 | 19155 | 402258 |
| 17 | 288291 | 14415 | 302706 | 156930 | 7846 | 164777 | 445221 | 22261 | 467482 |
| 18 | 544633 | 27232 | 571865 | 297295 | 14864 | 312160 | 841928 | 42096 | 884024 |
| 19 | 524183 | 26209 | 550392 | 278119 | 13906 | 292025 | 802301 | 40115 | 842417 |
| 20 | 190203 | 9510 | 199713 | 96349 | 4817 | 101166 | 286552 | 14327 | 300879 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ആകെ | 6548654 | 327434 | 6876088 | 3467119 | 173353 | 3640472 | 10015773 | 500787 | 10516560 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇ എം എസ് ഭവന നിർമ്മാണ പദ്ധതി, മുതൽ തിരിച്ചടവ് ഇനത്തിൽ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് 9,86,314/- രൂപ അധികം നല്കി

സർക്കാർ ഉത്തരവ് (സാ) നം. 522/2010/ത.സ്വ.ഭ.വ തീയതി 17-10-2010 പ്രകാരം ഇ. എം. എസ് ഭവന നിർമ്മാണ പദ്ധതിക്കായി താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 9100000/- രൂപ വായ്പയായി ഗ്രാമപ്പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | തീയതി | വായ്പാ തുക (രൂപ) |
|---|---|---|
| 1 | 29-03-2010 | 1500000 |
| 2 | 23-07-2010 | 1500000 |
| 3 | 12/08/10 | 2000000 |
| 4 | 09/09/10 | 2000000 |
| 5 | 21-03-2011 | 1500000 |
| 6 | 16-03-2012 | 600000 |
| | തുക | 91,00,000 |

ബാങ്ക് പാസ് ബുക്ക് പ്രകാരം 31-03-2015 വരെ താഴെ കൊടുത്തിരിക്കും പ്രകാരം മുതൽ തുക തിരിച്ചടവ് വരുത്തിയിട്ടുണ്ട്. 31-03-2015-ൽ മുതൽ ഇനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന തുക 1538650/- രൂപയാണ്.

| ക്രമ നം | തീയതി | മുതൽ തിരിച്ചടവ് (രൂപ) |
|---|---|---|
| 1 | 31-03-2011 | 743229 |

| | | |
|---|---|---|
| 2 | 03/05/11 | 867900 |
| 3 | 16-05-2011 | 172602 |
| 4 | 24-01-2012 | 1500000 |
| 5 | 28-07-2012 | 124671 |
| 6 | 27-02-2013 | 910000 |
| 7 | 30-03-2013 | 910000 |
| 8 | 26/07/13 | 512948 |
| 9 | 31-07-2014 | 910000 |
| 10 | 31-03-2015 | 910000 |
| | ആകെ | 7561350 |

എന്നാൽ 2015-16 സാമ്പത്തിക വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം 2524964/- രൂപ ഇ.എം.എസ്. ഭവന നിർമ്മാണ വായ്പ മുതൽ തുക ഇനത്തിൽ തിരിച്ചടവ് വരുത്തിയിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടവാക്കിയ തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | ഇ എം എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്(06/ 15-16) | 910000 | 13 /15-16/ 17-12-2015 |
| 2 | ഇ എം എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്(268 /15-16) | 1500000<br>114964 | 30/15-16/ 31-03-2016<br>31/15-16 /31-03-2016 |

| | | | |
|---|---|---|---|
| | ആകെ | 2524964 | |

ഇ. എം. എസ്. ഭവന നിർമ്മാണ വായ്പയുടെ മുതൽ ഇനത്തിൽ (2524964-1538650) 986314/- രൂപ അധികമായി അടവാക്കിയിരിക്കുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 27-10-2016 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും മൈലം ഗ്രാമപ്പഞ്ചായത്തിന് വൻതുക ലഭിക്കാനിരിക്കെ അധികമായി 986314/- രൂപ ടി ബാങ്കിന് നല്കിയത് ഗുരുതരമായ വീഴ്ചയാണ്. അധികം നല്കിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## **3-2** പാലത്തിട്ട ഭാഗം റോഡ് ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടില്ല,ഉപയോഗിക്കാത്ത **1174** കി ഗ്രാം സിമന്റിന് നല്കിയിട്ടുള്ള തുക **7353/-**രൂപ നിരാകരിക്കുന്നു.

പ്രവൃത്തിയുടെ പേര് -പാലത്തിട്ട ഭാഗം റോഡ്

ഗുണഭോക്തൃ സമിതി കൺവീനർ - ശ്രീ അനിൽ കുമാർ

കരാർ -109 /14-15/A E/,LSGD/Dt 10-03-2015

അളവു പുസ്തകം- 4/16

അന്തിമ ബിൽ പ്രകാരം ടി പ്രവൃത്തിക്ക് താഴെക്കൊടുത്തിരിക്കും പ്രകാരം തുക നല്കിയിട്ടുണ്ട്

പ്രവൃത്തി മൂല്യം -188408/- രൂപ

വാറ്റ് – 9420/-രൂപ

ക്ഷേമനിധി വിഹിതം- 1884/-രൂപ

ആകെ 199712/-രൂപ (ബിൽനമ്പർ 6 /15-16/ ,11-08-2015)

മേൽ പ്രവൃത്തിയ്ക്കാവശ്യമായ സിമന്റിന്റെ അളവ് താഴെക്കൊടുക്കുന്നു.

| ക്ര.നം | ഇനം | പ്രവൃത്തി | അളവ് | ആവശ്യമായ സിമന്റ് |
|---|---|---|---|---|
| 1 | 3 | C C 1:2:4 | 0.625 $m^3$ | .625x3.3/10$dm^3$=206 Kg |
| 2 | 5 | C C1:4:8 | 14.04$m^3$ | 14.04x171/$m^3$=2401Kg |
| 3 | 7 | C C 1:2:4 | 7.02$m^3$ | 7.02x3.3/10$dm^3$=2317Kg |
| | | ആകെ | | 4924Kg |

ഗുണഭോക്തൃ സമിതി ഹാജരാക്കിയ ചെലവു കണക്ക പ്രകാരം ടി പ്രവൃത്തിയുടെ ആകെ ചെലവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ചെലവ് വിവരം | തുക |
|---|---|---|

| | | |
|---|---|---|
| 1 | ലേബർ ചാർജ്ജ് | 48439 |
| 2 | സിമന്റ്(ഊറ്റുകൽ ഏജൻസീസ് ,മൈലം, രസീത് നമ്പർ 2862) – 75 ബാഗ് | 31500 |
| 3 | പാറ | 52000 |
| 4 | 20 എം എം മെറ്റൽ | 14000 |
| 5 | 40എം എം മെറ്റൽ | 18000 |
| 6 | എം സാൻഡ് | 34500 |
| | ആകെ | 198439 |

ചെലവ് രേഖകൾ പ്രകാരം ടി പ്രവൃത്തിക്ക് ഉപയോഗിച്ച ആകെ സിമന്റ് 75 ബാഗ് (75x 50=3750 Kg) മാത്രമാണ്. ആവശ്യമായതിലും 1174 കി ഗ്രാം കുറവ്. (4924-3750)

ടി വിഷയം സംബന്ധിച്ച് 28-10-2016 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 4) മറുപടി ലഭ്യമാക്കിയില്ല. ഉപയോഗിക്കാത്ത 1174 കി ഗ്രാം സിമന്റിന് നല്കിയിട്ടുള്ള (1174 x6263/T) 7353/- രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധന നടത്തേണ്ടതാണ്.

## 3-3 ടാങ്ക് കപ്പാസിറ്റിക്ക് അധികമായി ജീപ്പിന് ഇന്ധനം വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 12710/- രൂപ നിരാകരിക്കുന്നു

2015-16 സാമ്പത്തിക വർഷത്തെ KL-24-A-9006 ബോലെറോ ജീപ്പിന്റെ ഇന്ധന ക്ഷമത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 06.02.2016 ലെ 200/Q/2016(27) സാക്ഷ്യപത്രം പ്രകാരം ജീപ്പിന്റെ ഇന്ധന ക്ഷമത 12 കി.മി. ആണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജീപ്പിന്റെ ഇന്ധന ഉപഭോഗം പരിശോധിച്ചതിൽ വിവിധ തീയതികളിൽ ടാങ്ക് കപ്പാസിറ്റിക്ക്(60 ലി.) അധികമായി ഇന്ധനം നിറച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| മുൻ ബാക്കി ഇന്ധനം | മുൻബാക്കി ഇന്ധനം കണക്കാക്കിയ തീയതിയിലെ ഓഡോ മീറ്റർ റീഡിംഗ് | ഇന്ധനംനിറച്ച തീയതിയിലെ ഓഡോ മീറ്റർ റീഡിംഗ് | ദൂരം | ഇന്ധനം നിറച്ച തീയതി | ഇന്ധന ഉപഭോഗം | വാങ്ങിയ ഇന്ധനം | ഇന്ധനം നീക്കിയിരിപ്പ് | പ്രതിമാസം ടാങ്ക് കപ്പാസിറ്റിക്ക് അധിക മായി നിറച്ച | അധിക മായി നിറച്ച ഇന്ധന ത്തിന്റെ മൂല്യം | നഷ്ടം | വൗച്ചർ നമ്പർ |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ഇന്ധനം | | | |
| 52 | 17567 | 17970 | 403 | 07.03.15 | 33.58 | 52.05 | 70.47 | 26.71 | 55.1 | 1472 | 21500026/ 13.04.15 |
| 70.47 | 17970 | 18629 | 659 | 18.03.15 | 54.92 | 55 | 70.55 | | | | |
| 70.55 | 18629 | 19180 | 551 | 24.03.15 | 45.92 | 53 | 77.63 | | | | |
| 77.63 | 19180 | 19731 | 551 | 30.03.15 | 45.92 | 55 | 86.71 | | | | |
| 86.71 | 19731 | 20100 | 369 | 13.04.15 | 30.75 | 30 | 85.96 | 21.75 | 53.37 | 1161 | 21500123/ 14.05.15 |
| 85.96 | 20100 | 20550 | 450 | 21.04.15 | 37.50 | 55 | 103.46 | | | | |
| 103.46 | 20550 | 21150 | 600 | 29.04.15 | 50.00 | 55 | 108.46 | | | | |
| 108.46 | 21150 | 21450 | 300 | 06.05.15 | 25.00 | 33 | 116.46 | 42.17 | 55.92 | 2358 | 21500187/ 10.06.15 |
| 116.46 | 21450 | 21970 | 520 | 14.05.15 | 43.33 | 50 | 123.13 | | | | |
| 123.13 | 21970 | 22374 | 404 | 20.05.15 | 33.67 | 50 | 139.46 | | | | |
| 139.46 | 22374 | 22900 | 526 | 27.05.15 | 43.83 | 55 | 150.63 | | | | |
| 150.63 | 22900 | 23460 | 560 | 2.06.15 | 46.67 | 50 | 153.96 | 20.83 | 57.48 | 1197 | 21500275/ 15.07.15 |
| 153.96 | 23460 | 23956 | 496 | 15.06.15 | 41.33 | 50 | 162.63 | | | | |
| 162.63 | 23956 | 24450 | 494 | 25.06.15 | 41.17 | 50 | 171.46 | | | | |
| 171.46 | 24450 | 25138 | 688 | 2.07.15 | 57.33 | 55 | 169.16 | 15.00 | 54.19 | 813 | 21500342/ 10.08.15 |
| 169.13 | 25138 | 25710 | 572 | 14.07.15 | 47.67 | 55 | 176.46 | | | | |
| 176.46 | 25710 | 26280 | 570 | 22.07.15 | 47.50 | 55 | 183.96 | | | | |
| 183.96 | 26280 | 26850 | 570 | 29.07.15 | 47.50 | 50 | 186.46 | | | | |
| 186.46 | 26850 | 27440 | 590 | 5.08.15 | 49.17 | 55 | 192.29 | 25.00 | 49.04 | 1226 | 21500391/ 09.09.15 |
| 192.29 | 27440 | 27974 | 534 | 17.08.15 | 44.50 | 55 | 202.79 | | | | |
| 202.79 | 27974 | 28530 | 556 | 25.08.15 | 46.33 | 55 | 211.46 | | | | |
| 211.46 | 28530 | 29020 | 490 | 10.09.15 | 40.83 | 50 | 220.63 | 15.42 | 48.49 | 748 | 21500485/ 14.10.15 |
| 220.63 | 29020 | 29583 | 563 | 18.09.15 | 46.92 | 50 | 223.71 | | | | |
| 223.71 | 29583 | 30145 | 562 | 26.09.15 | 46.83 | 50 | 226.88 | | | | |
| 226.88 | 30145 | 30735 | 590 | 05.10.15 | 49.17 | 50 | 227.71 | 38.11 | 49.03 | 1869 | 21500551/ 16.11.15 |
| 227.71 | 30735 | 31275 | 540 | 12.10.15 | 45.00 | 50 | 232.71 | | | | |
| 232.71 | 31275 | 31730 | 455 | 17.10.15 | 37.92 | 50 | 244.79 | | | | |
| 244.79 | 31730 | 32280 | 550 | 21.10.15 | 45.83 | 50 | 248.96 | | | | |
| 248.96 | 32280 | 32750 | 470 | 26.10.15 | 39.17 | 50 | 259.79 | | | | |
| 259.79 | 32750 | 33355 | 605 | 31.10.15 | 50.42 | 55.62 | 264.99 | | | | |
| 264.11 | 33355 | 33950 | 595 | 04.11.15 | 49.58 | 50 | 265.41 | 5.50 | 50.04 | 275 | 21500686/ 11.12.15 |
| 265.41 | 33950 | 34475 | 525 | 12.11.15 | 43.75 | 50 | 271.66 | | | | |
| 271.66 | 34475 | 34849 | 374 | 20.11.15 | 31.17 | 30 | 270.49 | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 270.549 | 34849 | 35233 | 384 | 1.12.15 | 32.00 | 37.41 | 275.90 | 0.00 | 50.24 | 0 | 21500778/ 18.01.16 |
| 275.90 | 35233 | 36008 | 775 | 10.12.15 | 64.58 | 41.89 | 253.21 | | | | |
| 253.21 | 36008 | 36197 | 189 | 14.12.15 | 15.75 | 28.22 | 265.68 | | | | |
| 265.68 | 36197 | 36597 | 400 | 21.12.15 | 33.33 | 42.4 | 274.75 | | | | |
| 274.75 | 36597 | 37038 | 441 | 28.12.15 | 36.75 | 39.5 | 277.50 | | | | |
| 277.50 | 37038 | 37797 | 759 | 31.12.15 | 63.25 | 52 | 266.25 | | | | |
| 266.25 | 37797 | 38141 | 344 | 05.01.16 | 28.67 | 35 | 272.58 | 17.08 | 48.2 | 823 | 21500869/ 12.02.16 |
| 272.58 | 38141 | 38732 | 591 | 07.01.16 | 49.25 | 47 | 270.33 | | | | |
| 270.33 | 38732 | 39223 | 491 | 16.01.16 | 40.92 | 41.76 | 271.17 | | | | |
| 271.17 | 39223 | 39627 | 404 | 21.01.16 | 33.67 | 40 | 277.50 | | | | |
| 277.50 | 39627 | 40169 | 542 | 28.01.16 | 45.17 | 51 | 283.33 | | | | |
| 283.33 | 40169 | 40621 | 452 | 3.02.16 | 37.67 | 41.65 | 287.31 | 15.95 | 48.12 | 768 | 21501145/ 21.03.16 |
| 287.31 | 40621 | 40636 | 15 | 4.02.16 | 1.25 | 7.93 | 293.99 | | | | |
| 293.19 | 40636 | 41021 | 385 | 9.02.16 | 32.08 | 36.75 | 298.66 | | | | |
| 298.66 | 41021 | 41485 | 464 | 17.02.16 | 38.67 | 38.7 | 298.69 | | | | |
| 298.69 | 41485 | 42041 | 556 | 20.02.16 | 46.33 | 44.94 | 297.30 | | | | |
| 297.30 | 42041 | 42609 | 568 | 22.02.16 | 47.33 | 46.75 | 296.72 | | | | |
| 296.72 | 42609 | 42898 | 289 | 25.02.16 | 24.08 | 36.57 | 309.21 | | | | |
| 309.21 | 42898 | 43635 | 737 | 29.02.16 | 61.42 | 51.49 | 299.28 | | | | |
| | | | | | | | | 243.52 | | 12710 | |

KL-24-A-9006 ബോലെറോ ജീപ്പിന്റെ ഇന്ധന ടാങ്കിന്റെ കപ്പാസിറ്റി 60 ലിറ്ററാണെന്നിരിക്കെ വിവിധ തിയതികളിൽ ഇന്ധനം നിറച്ചതിൽ ടാങ്ക് കപ്പാസിറ്റിക്കധികമായി ആകെ 243.52 ലിറ്റർ ഇന്ധനം വാങ്ങിയത് അനുവദനീയമല്ലാത്ത-തിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 12710/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടാങ്ക് കപ്പാസിറ്റിക്ക് അധികമായി ഇന്ധനം നിറച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(7/31.10.2016) ന് മറുപടി ലഭ്യമാക്കിയില്ല. .

## 3-4 <u>മരാമത്ത് പ്രവൃത്തികളിൽ ക്രമപ്രകാരമല്ലാതെ കരാറിലേർപ്പെട്ടു</u>

2012 ലെ പരിഷ്കരിച്ച മരാമത്ത് മാന്വൽ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചാൽ 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് നല്കേണ്ടതും, ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ് . കരാർ തുകയുടെ 1% പിഴ ഈടാക്കി കൊണ്ട് അടുത്ത 10 ദിവസത്തേയ്ക്കു കൂടി കരാറിലേർപ്പെടാവുന്നതാണ്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന പ്രവൃത്തികളിൽ മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി കരാറിലേർപ്പെട്ടു

| ക്ര.നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ അംഗീകരിച്ച തീയതി | കരാർവച്ച തീയതി | കരാർ തുക | ഈടാക്കേണ്ടുന്ന പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കുണ്ടറക്കുന്ന് കോളനി റോഡ് | 22-08-2015 | 18-09-2015 | 328000 | 3280 |
| 2 | വെള്ളാരം കുന്ന് ലക്ഷം വീട് കോളനി | 22-08-2015 | 19/09/15 | 253000 | 2530 |
| 3 | പള്ളിക്കൽ എൽ പി എസ് മങ്ങാട് വടക്ക് റോഡ് | 22-08-2015 | 19/09/15 | 159000 | 1590 |
| 4 | ഏറത്ത് നെല്ലിവിള റോഡ് | 22-08-2015 | 14-09-2015 | 200900 | 2090 |
| 5 | ലക്ഷംവീട് -പഴിഞ്ഞിയിൽ റോഡ് | 22-08-2015 | 14-09-2015 | 126000 | 1260 |
| 6 | കാഞ്ഞിരംവിള പീലിക്കോട് പെരുങ്കുള് ഏലാ റോഡ് | 22-08-2015 | 17-09-2015 | 200000 | 2000 |
| 7 | തോട്ടത്തിൽ ഏലാ റോഡ് | 22-08-2015 | 19-09-2015 | 200000 | 2000 |
| 8 | ട്രാൻസ് ഫോമർ ജംഗ്ഷൻ മുട്ടേത്തറ റോഡ് | 04/08/15 | 10/09/15 | 204000 | 2040 |

| | | | | | |
|---|---|---|---|---|---|
| 9 | വെട്ടുകാട്ടിൽ കോട്ടുവിള റോഡ് | 22-08-2015 | 14-09-2015 | 300000 | 3000 |
| 10 | വെഞ്ഞാറക്കൽ മലനട റോഡ് | 22-08-2015 | 14-09-2015 | 204000 | 2040 |
| 11 | അംഗനവാടി നമ്പർ 4 ന് ചുറ്റുമതിൽ | 22-08-2015 | 11/09/15 | 150000 | 1500 |
| | | | | ആകെ | 23330 |

ക്രമ പ്രകാരമല്ലാതെ കരാർ വച്ചതു സംബന്ധിച്ചും, പിഴ ഈടാക്കാതിരുന്നതു സംബന്ധിച്ചും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28-10-2016 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 04) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ പ്രകാരമല്ലാതെ കരാറിലേർപ്പെട്ടതു സംബന്ധിച്ച് മതിയായ വിശദീകരണം നല്കേണ്ടതാണ്. ക്രമ പ്രകാരമല്ലാതെ കരാറിലേർപ്പെട്ടെങ്കിലും പ്രവൃത്തിയുടെ നിർവ്വഹണം പൂർത്തികരിച്ചിട്ടുള്ളതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 23330/- രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ തുക ഒടുക്കുവരുത്തേണ്ടതാണ്.

## 3-5 <u>ഇടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടിൽ നിന്നും **115360/-** രൂപ നഷ്ടമായി.</u>

കൊട്ടാരക്കര എസ്.ബി.റ്റി(എ.ഡി.ബി) ബ്രാഞ്ചിൽ വാർദ്ധക്യകാല പെൻഷൻ ഇടപാടുകൾക്കായി ആരംഭിച്ചതും 10 വർഷമായി ഇടപാടുകൾ ഇല്ലാതെ കിടക്കുന്നതുമായ അക്കൗണ്ട് നമ്പർ 57018981876- ൽ നിന്നും 27/09/2015- ലെ നീക്കിയിരിപ്പായ 115360/- രൂപ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. എന്നാൽ ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്തതതിന്റെ ഇടപാട് സാംഖ്യയിലെ ബാങ്ക് ബുക്കിൽ (450220102) രേഖപ്പെടുത്തിയിട്ടില്ല. ഇതേ സമയം 31.03.2015- ലെ നിക്കിയിരിപ്പായ 111624/-രൂപ 31.03.2016- ലെ നീക്കിയിരിപ്പായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്നു. ഇപ്രകാരം തുക നഷ്ടപ്പെട്ടതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകാത്ത സാഹചര്യത്തിൽ 10 വർഷമായി ഇടപാടുകൾ ഇല്ലാതെ കിടക്കുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഭാരതീയ റിസർവ് ബാങ്കിന്റെ DEAF (Depositor Education and Awareness Fund)- ലേക്ക് മാറ്റിയതാണെന്ന് രേഖയില്ല. ആയതിനാൽ ടി തുക പലിശ സഹിതം തിരികെ ലഭ്യമാക്കാൻ ബാങ്ക് അധികൃതരെ അറിയിക്കേണ്ടതാണ്.

## 3-6 <u>ദിവസ വേതനമിനത്തിൽ **13550/-**രൂപ അധികമായി നൽകി</u>

28/10/2014 ലെ സർക്കാർ ഉത്തരവ് (അച്ചടി) 46/2014 പ്രകാരം ദിവസ വേതനമിനത്തിൽ ഓഫിസ് അറ്റൻഡന്റ് തസ്തികയിൽ നിയമിതരാകുന്നവർക്ക് 350/-രൂപ നിരക്കിലും, 20/02/2014 ലെ സർക്കാർ ഉത്തരവ് (അച്ചടി) 74/2014 പ്രകാരം കാഷ്വൽ സ്വീപ്പർമാരുടെ പ്രതിമാസ വേതനം 4000/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധനയ്ക്കുതീതമായി ശ്രീമതി ആർ. രഞ്ജിനിക്ക് ദിവസ വേതനമിനത്തിൽ 13550/- രൂപ നൽകിയിട്ടുണ്ട്. ശ്രീമതി ആർ.രഞ്ജിനിക്ക് 7/15, 8/15 മാസങ്ങളിൽ ഓഫീസ് അറ്റൻഡന്റ് ആയും 10/15, 11/15 മാസങ്ങളിൽ കാഷ്വൽ സ്വീപ്പറായും ജോലി ചെയ്തതിന് നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തസ്തിക | ദിവസവേതനവ്യവസ്ഥയിൽ ജോലി ചെയ്ത | | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയ തുക | വൗച്ചർ നമ്പരും തീയതിയും |
|---|---|---|---|---|---|---|
| | മാസം | ദിനം | | | | |
| ഓഫീസ് അറ്റൻഡന്റ് | 7/2015 | 25 | 10000 | 8750 | 1250 | 21500311/01-08-2015 |
| | 8/15 | 10 | 4000 | 3500 | 500 | 21500403/11-09-2015 |
| | 10/2015 | 27 | 10800 | 4000 | 6800 | 21500528/03-11-2015 |
| | 11/2015 | 23 | 9200 | 4000 | 5000 | 21500626/01-12-2015 |
| | ആകെ | | | | 13550 | |

അധികം നൽകിയ 13550/- രൂപ തിരികെ ഈടാക്കേണ്ടതാണ്

## 3-7 <u>വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- **1150000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ നല്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പ്രോജക്ടിന്റെ പേര് | തുക കൈപ്പറ്റിയ സ്ഥാപനം | തുക (രൂപ) |
|---|---|---|---|
| 1 | ഐ എ വൈ അധിക വിഹിതം (ജനറൽ)<br>(ബിൽ നം 12/ 15-16, 17-12-2015) | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, വെട്ടിക്കവല | 700000 |
| 2 | ജില്ലാ ആസൂത്രണ സമിക്ക് മന്ദിരം നിർമ്മാണം<br>(ബിൽ നം 21/ 15-16, 22-02-2016) | ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം | 150000 |
| 3 | ജില്ലാ ആശുപത്രിയിൽ എം ആർ ഐ സ്കാനർ | സെക്രട്ടറി, ജില്ലാപഞ്ചായത്ത് | 200000 |

| | | | |
|---|---|---|---|
| | (ബിൽ നം 26/ 15-16, 31-03-2016) | | |
| 4 | ജീവനം കിഡ് നി വെൽഫയർ ഫൗണ്ടേഷന് പഞ്ചായത്ത് വിഹിതം | സെക്രട്ടറി,ജില്ലാ പഞ്ചായത്ത് | 100000 |
| | | ആകെ | 1150000 |

പ്രോജക്ട് പൂർത്തീകരിച്ചതു സംബന്ധിച്ച രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണം - വൈദ്യുതി ബോർഡിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല - 342540/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ നടപ്പിലാക്കിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

| ക്ര നം | പ്രോജക്ട് | തുക | ബിൽ നമ്പർ | സ്ഥാപനം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (88/ 16 ) | 110090 | 12/ 15-16,19-10-2015 | അസി.എഞ്ചിനീയർ കെ എസ് ഇ ബി, കുളക്കട |
| 2 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (89/ 16 ) | 65384 | 20/ 15-16/ 20-02-2016 | അസി.എഞ്ചിനീയർ കെഎസ്ഇബി കൊട്ടാരക്കര |
| 3 | ലൈൻ എക്സ്റ്റൻഷൻ (90/ 16 ) | 149650 | 11/ 15-16/ 31-10-2015 | അസി.എഞ്ചിനീയർ കെ എസ് ഇ ബി, കുളക്കട |
| 4 | ലൈൻ എക്സ്റ്റൻഷൻ (92/ 16 ) | 17416 | 19/ 15-16/ 10-02-2016 | അസി.എഞ്ചിനീയർ കെ എസ് ഇ ബി കൊട്ടാരക്കര |
| | ആകെ | 342540 | | |

തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച സാക്ഷ്യപത്രം പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ലാത്തതിനാൽ 342540/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-9** ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരുടെ ഓണറേറിയം ഇനത്തിൽ ചെലവഴിച്ച **34500/-** രൂപ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടില്ല

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ 28-10-2014-ലെ 552/2014 ഉത്തരവ് പ്രകാരം 2015 ലെ പൊതു തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാരായി പ്രവർത്തിച്ചവർക്ക് 500/- രൂപ പഞ്ചായത്ത് വിഹിതവും 1500/- രൂപ കമ്മീഷൻ വിഹിതവും ഉൾപ്പടെ ആകെ 2000/- രൂപ ഓണറേറിയം അനുവദിച്ചിരുന്നു. 23/04/2014 ലെ വൗച്ചർ നമ്പർ 21500063 പ്രകാരം 46000/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് 23 ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട് ആയതിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിഹിതമായ 34500/- രൂപ (23x1500) നാളിതുവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും ലഭിച്ചിട്ടില്ല. ടി തുക ബാലൻസ് ഷീറ്റിലെ ആസ്തി ശീർഷകങ്ങളിൽ ഉൾപെട്ടിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**3-10** മഴക്കാലപൂർവശുചീകരണം - മുൻകൂറായി നൽകിയ **80925/-**രൂപയുടെ ക്രമീകരണ വൗച്ചറുകൾ ഹാജരാക്കിയില്ല- ചെലവ് തടസപ്പെടുത്തുന്നു

19/05/2015 ലെ വൗച്ചർ നമ്പർ 21500130 പ്രകാരം മഴക്കാല പൂർവ ശുചീകരണത്തിനായി 80925/-രൂപ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫിസർക്ക് അനുവദിച്ചിട്ടുണ്ട് ആയതിന്റെ ക്രമീകരണ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5/28.10.2016) മറുപടി നൽകിയില്ല. ക്രമീകരണ വൗച്ചറുകളുടെ അഭാവത്തിൽ 80925/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

**3-11** പഞ്ചായത്തിന്റെ അധീനതയിലുള്ള ആംബുലൻസ് മുഴുവൻ സമയ പ്രവർത്തനം നടത്തുന്നില്ല.

മൈലം പഞ്ചായത്തിന്റെ അധീനതയിലുള്ള കെ.എൽ.24 എ 1671 നമ്പർ ആംബുലൻസ് 2015-16 സാമ്പത്തിക വർഷത്തിൽ 01/04/2015 മുതൽ 18.11.2015 വരെയുള്ള കാലയളവിൽ ഒരു ദിവസം(02.04.2015) മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. പഞ്ചായത്ത് വാങ്ങിയ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പ്രസ്തുത വാഹനം ഉപയോഗിക്കാത്തതു മൂലം ടി ആസ്തി കാലഹരണപ്പെട്ടു പോകുന്നു. സാധാരണ ജനങ്ങൾക്ക് കൂടി പ്രയോജനപ്പെടേണ്ട പ്രസ്തുത വാഹനം ആവശ്യക്കാർക്ക് മുഴുവൻ സമയവും ലഭ്യമാക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**3-12** പദ്ധതി അടങ്കൽ തുകയിൽ അധികമായി കുടുംബശ്രീക്ക് കൈമാറിയ **170000/-** രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു

കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (S0045/16) എന്ന പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷം 146 സംരംഭകർക്ക് 5000/- രൂപ വീതം ആകെ 730000/- രൂപാണ് വകയിരിത്തിയിരുന്നത്. ആയതിൽ 14/09/2015 ലെ 21500497 നമ്പർ വൗച്ചർ പ്രകാരം 371103/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 14/09/2015 ലെ 21500588 നമ്പർ വൗച്ചർ പ്രകാരം 128897/- രൂപ വികസന ഫണ്ടിൽ നിന്നും 14/09/2015 ലെ 21500498

നമ്പർ വൗച്ചർ പ്രകാരം 200000/- രൂപ തനത് ഫണ്ടിൽ നിന്നും ആകെ 700000/- രൂപ മൈലം സർക്കിൾ ചുമതലയുള്ള വി.ഇ.ഒ ശ്രീ.സിജിൽ രാജിന് നൽകിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീയുടെ കാഷ് ബുക്ക് പ്രകാരം 25-09-2015 ലെ ചെക്ക് നമ്പർ 593594 മുഖേന 870000/- രൂപ വി.ഇ.ഒ ശ്രീ.സിജിൽ രാജ് കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. തൻവർഷം അനുവദിച്ചതിലും അധികമായി 170000/- കൈമാറിയത് പരിശോധിക്കാൻ മൈലം സർക്കിളിലെ ട്രഷറി ബിൽ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ ഹാജരാക്കാനും മേൽ അപാകതയക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പദ്ധതി അടങ്കൽ തുകയിൽ അധികമായി കുടുംബശ്രീക്ക് കൈമാറിയ 170000/- രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. അടങ്കൽ തുകയിൽ അധികമായി തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികം കൈമാറിയ തുക തിരിച്ച് ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-13 കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്-മുൻവർഷത്തേത് ഉൾപ്പെടെ 170000/- വിതരണം നടത്തിയില്ല.

പ്രോജക്റ്റ് നം.85/16
നിർവ്വഹണ ഉദ്യോഗസ്ഥൻ -അസി. സെക്രട്ടറി

വികസന ഫണ്ട് – (എസ്.സി.പി)- 85000/- രൂപ
ബിൽ നമ്പർ – 19/15-16/29.03.16

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭത്തിനും വിപണന പ്രോത്സാഹനത്തിനും വേണ്ടി നടപ്പിലാക്കിയ പദ്ധതി നിർവഹണത്തിന് പിൻവലിച്ച 85000/-രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ 29-03-16 ൽ നിക്ഷേപിച്ചിട്ടുണ്ട് (കാനറാ ബാങ്ക്, മൈലം -92043913). എന്നാൽ 17 ഗ്രൂപ്പുകൾക്ക് 5000/- രൂപ വീതം നല്കാൻ പിൻവലിച്ച തുക നാളിത് വരെ വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/01.11.16) ഗ്രൂപ്പുകൾ ബാങ്കുമായി സി.സി.എ നിശ്ചിത സമയത്തിന് നൽകാത്തതിനാലാണ് ടി തുക വിതരണം ചെയ്യാൻ കഴിയാതിരുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ബാങ്ക് മുഖേനയുള്ള ധനസഹായം ഉറപ്പാക്കാതെ മുൻകൂർ തുക പിൻവലിച്ചത് ജി.ഒ.(പി)177/06/ധന തീയതി 12-04-06 ജി.ഒ.(പി)119/15 ധന തീയതി 21.03.15 പ്രകാരമുള്ള ധനവിനിയോഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. 2014-15 ലും ഇതേ പ്രോജക്ടിന് 85000/-രൂപ പിൻവലിച്ച് ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുണ്ട്(2014-15ഓഡിറ്റ് റിക്കവറി ഖണ്ഡിക). 2014-15 ലും 2015-16 ലുമായി 170000/- രൂപയാണ് വിതരണം ചെയ്യാതെ അക്കൗണ്ടിൽ ശേഷിക്കുന്നത്. ടി തുക പലിശ സഹിതം വികസന ഫണ്ടിൽ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. മുൻവർഷത്തെ തുകകൾ ചെലവഴിക്കാത്ത സാഹചര്യത്തിൽ വീണ്ടും ഇത്തരത്തിൽ തുക പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 3-14 ഹോമിയോ മരുന്ന് ലഭ്യമാക്കിയില്ല - 'ഹോംകോ'യ്ക്ക് നൽകിയ തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. – 211/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 100000/- രൂപ

എൻ.ആർ.എച്ച്.എം. നിയന്ത്രണത്തിലുള്ള ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിനാണ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 100000/- രൂപ പിൻവലിച്ച് (ബിൽ നം. 08/15-16/22.12.15). കേരള സ്റ്റേറ്റ് മെഡിക്കൽ ഹോമിയോ കോപ്പറേറ്റീവ് ഫാർമസി(ഹോംകോ), ആലപ്പുഴ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട് (ഡി.ഡി.നം. 038298/22.12.15, എസ്.ബി.ടി., കൊട്ടാരക്കര). എന്നാൽ നാളിതുവരെ യാതൊരു മരുന്നുകളും ഡിസ്പെൻസറിക്ക് വിതരണം ചെയ്തിട്ടില്ല.

അവശ്യ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതിലേക്ക് ചെലവായ തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് കരാർ ചമയ്ക്കേണ്ടതും നടപടികൾ ഉറപ്പ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 3-15 കുടിവെള്ള പദ്ധതി-ഭൂജല വകുപ്പിൽ നീക്കിയിരുപ്പുള്ള തുക വികസന ഫണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്

പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി
പ്രോജക്ട് നം. – 37/16
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ-2015000/- (വികസന ഫണ്ട് -2000000/- രൂപ, തനത്-15000/- രൂപ)
ചെലവ്-1929217/-രൂപ

ബിൽ.നം. – 03/15-16/21.01.16

26.11.2015 ലെ 1-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പട്ടിക ജാതി കോളനികളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് കുഴൽ കിണർ നിർമ്മിച്ച് ജലവിതരണം ശക്തിപ്പെടുത്തുന്നതിന് ഭൂജല വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസിൽ നിന്നും 3227927/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു(അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 19.12.15 ലെ കത്ത്). ആയതിൽ 3 പദ്ധതികളുടെ എസ്റ്റിമേറ്റ് നിരക്കായ 1929217/- രൂപ ഒടുക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. അതനുസരിച്ച് വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ പേർക്ക് നല്കിയിട്ടുണ്ട്(ഡി.ഡി.നം. 036188/28.01.2016 കാനറാ ബാങ്ക്). കൂടാതെ കുഴൽ കിണർ നിർമ്മാണത്തിന് ആവശ്യമായ സർവേ ചാർജ്ജ് തുക തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് (ചെക്ക് നം.1811703.12.15- ജില്ലാ സഹകരണ ബാങ്ക്, കൊട്ടാരക്കര) ഭൂജല വകുപ്പിന് നല്കിയിട്ടുണ്ട്(ഡി.ഡി.നം.009110/03.12.15-8750/-).

ഭൂജല വകുപ്പ് കൊല്ലം ജില്ലാ ഓഫീസിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം കാർത്തികപ്പള്ളി കോളനി, പ്ലാവിള ഭാഗം പള്ളിക്കൽ കിഴക്ക്, അരുവിച്ചിറ കോളനി എന്നിവടങ്ങളിൽ പദ്ധതി നടപ്പാക്കിയതിന് 1719767/- മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുക 209450/-(1929217-1719767) ഭൂജല വകുപ്പിൽ നീക്കിയിരുപ്പുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ 03.05.16 ലെ 03(8) നമ്പർ തീരുമാനത്തിൽ ബാക്കി തുക ഉപയോഗിച്ച് വാർഡിലെ ആല്യംകാല

കോളനിയിലെ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയോ, ഗ്രാമ പഞ്ചായത്ത് ഇതിലേക്ക് പദ്ധതി രൂപീകരിക്കുകയോ ചെയ്തിട്ടില്ല. കാരിച്ചാൽ കോളനി, ആലുംകാല കോളനി എന്നീ കുടിവെള്ള പദ്ധതികൾക്ക് സർവേ ചാർജ്ജ് ഒടുക്കിയെങ്കിലും തുടർ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

ഭൂജല വകുപ്പിൽ നീക്കിയിരുപ്പുള്ള തുക 209450/- രൂപ ഈടാക്കി വികസനഫണ്ടിൽ തിരിച്ചടവാക്കേണ്ടതും പൂർത്തീകരിക്കുവാനുള്ള കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**3-16** <u>വിദ്യാർത്ഥികൾക്ക് ലാപ്ടോപ്-മാനദണ്ഡങ്ങൾ പാലിച്ചില്ല</u>
പ്രൊഫഷണൽ ഡിഗ്രി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്
പ്രോജക്റ്റ് നം. – 27/16

നിർവഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

വികസനഫണ്ട് (SCP) – 778000/- രൂപ
(ബിൽ. നം. 01/15-16 /19-12-15)

മൈലം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപെട്ട 20 പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ (എഞ്ചിനിയറിംഗ്) കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 26-11-15 ലെ 3(1) -ാം നമ്പർ തീരുമാന പ്രകാരം എഫീ സൊല്യൂഷൻസ്, എഴുകോൺ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയിസ് നം. 502/14-12-15 മുഖേന 20 Acer ലാപ്പ്ടോപ്പുകൾ 38900/- രൂപ നിരക്കിൽ വാങ്ങിയതിന് 778000/- രൂപ നൽകിയിട്ടുണ്ട് (ഡിഡി നം. 036175/19-12-15,കാനറാ ബാങ്ക്, കൊട്ടാരക്കര). പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി 4 ഐ.ടി.ഐ.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വിലാസം | കോഴ്സ് | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 1 | അഞ്ജുഘോഷ്<br>D/Oഅജയകുമാർ ഘോഷ്<br>അനന്ദു സദനം,വെണ്ടാർ പി.ഒ.<br>വാർഡ്-15 | പെയിന്റർ ജനറൽ<br>(2015-2017) | ഗവ.ഐ.ടി.ഐ.<br>ചന്ദനത്തോപ്പ് | |
| 2 | ശ്രീക്കുട്ടി.എസ്.<br>D/Oസത്യൻ.ജി, ജയവിലാസം | ഫിറ്റർ<br>(2014-16) | -ടി- | |

| | | | | |
|---|---|---|---|---|
| | താമരക്കുടി<br>വാർഡ് -3 | | | |
| 3 | അഭിദിത് കുമാർ<br>S/O ശശി.എ, കോക്കാട്ടുവിള വീട്<br>ആക്കവിള<br>വാർഡ്-4 | ടർണർ<br>(2015-2017) | -ടി- | |
| 4 | വിബിലാഷ.വി.<br>D/O വിജയൻ.പി,വിബിലാഷ് ഭവൻ<br>പുലമൺ പി.ഒ.<br>വാർഡ്-7 | ഡ്രാഫ്റ്റ്സ് മാൻ<br>സിവിൽ<br>(2015-2017) | ഗവ.ഐ.ടി.ഐ.<br>കുളക്കട | |

ലാപ്പ്ടോപ്പ് വാങ്ങുന്നതിന് വിനിയോഗിച്ച 155600/-(38900x4) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

കൊട്ടാരക്കര എം.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജിയിൽ ലാബ് ടെക്നീഷ്യൻ കോഴ്സിന് പഠിക്കുന്ന 6-ാം വാർഡ് ഗുണഭോക്താവ് ദിവ്യ.എസ്, D/O ദാസൻ നെല്ലിവിള പുത്തൻവീട്, തെക്കേക്കര പി.ഒ. എന്ന കുട്ടിക്ക് പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും പൂർണമായും വ്യതിചലിച്ചാണ് ലാപ്പ്ടോപ്പ് അനുവദിച്ചത്. സ്വകാര്യ സ്ഥാപനത്തിലെ പഠിതാവിന് ആനുകൂല്യം നൽകിയത് മൂലം 38900/- രൂപ ക്രമരഹിതമായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-17 അതുല്യം-സംപൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി-പദ്ധതി നിർവഹണത്തിൽ അപാകതകൾ

പ്രോജക്റ്റ് നം. 15/16

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ, ജി.കെ.വി.എൽ.പി.എസ്, കോട്ടാത്തല

ചെലവ് തുക – 143000/- രൂപ

ബിൽ.നം.3/15-16/29-02-16- 42461/- രൂപ

ബിൽ.നം.4/15-16/-29-02-16- 57539/-രൂപ

ചെക്ക് നം.5393728/23-03-16-43000/- രൂപ

സർക്കാർ ഉത്തരവ് സാധാ. നം. 2735/14/ത.സ്വ.ഭ.വ തീയതി 21-10-14 പ്രകാരം കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് 4-ാം തരം തുല്യതാ പരിപാടിയിലൂടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ഇതിലേക്ക് വികസന ഫണ്ടിൽ നിന്നും 100000/-രൂപയും തനത് ഫണ്ടിൽ നിന്നും 43000/- രൂപയും ഉൾപ്പെടെ ആകെ 143000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രേരക്, അധ്യാപകർ എന്നിവർക്കുള്ള ഹോണറേറിയം ഇനത്തിൽ 75000/-ഉം രൂപയും, പാഠപുസ്തകങ്ങൾക്ക് 68000/- രൂപയും വിനിയോഗിച്ചു.

പദ്ധതി നിർവഹണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) നാലാം തരം തുല്യതാ പരീക്ഷ നടന്നത് 2015 ജൂൺ 17നാണ്. എന്നാൽ പ്രാദേശിക പാഠാവലി പ്രസിദ്ധീകരിച്ചതിന് ഒളിവർ ഓഫ് സെറ്റ് പ്രിന്റേഴ്സ്, തൃക്കണ്ണമംഗലത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചത് 06-05-2016നാണ്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ, മറ്റ് രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) സംസ്ഥാന സാക്ഷരതാ മിഷനിൽ നിന്നും നാലാം തരം തുല്യതാ പാഠാവലിയുടെ 608 പുസ്തകങ്ങളും ഒളിവർ ഓഫ് സെറ്റ് പ്രസ്സിൽ നിന്നും അതുല്യം പഠനോത്സവം-എന്റെ ഗ്രാമം പ്രാദേശിക പാഠാവലി എന്ന മൾട്ടി കളർ പുസ്തകം 650 എണ്ണവുമാണ്. എന്നാൽ പുസ്തകങ്ങളുടെ സ്റ്റോക്ക്, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

3) പ്രേരക് മാരുടെ മേൽനോട്ടത്തിൽ ആകെ 480 പേർക്കാണ് ക്ളാസ്സ് സംഘടിപ്പിച്ചിട്ടുള്ളത്. സാക്ഷരതാ മിഷന്റെ മൂല്യനിർണ്ണയ ക്രോഡീകരണ ഫോറം പ്രകാരം 252 പഠിതാക്കളാണ് പരീക്ഷയിൽ പങ്കെടുത്തത്.

സാക്ഷരതാ മിഷനിൽ നിന്നും അതുല്യം പഠനോത്സവം 128 പുസ്തകങ്ങളും (608-480), ഒളിവർ ഓഫ്സെറ്റിൽ നിന്നും പ്രാദേശികപാഠാവലി 170 പുസ്തകങ്ങളും(650-480) അധികം വാങ്ങിയിരിക്കുന്നു.

4) സർക്കാർ നിർദേശ പ്രകാരം 50/- രൂപാ നിരക്കിൽ പുസ്തകം വാങ്ങിയതിന് 30400/- രൂപ (608x50) [ഡി.ഡി.നം. 565462/28-03-16, ഇൻഡ്യൻ ബാങ്ക് കൊട്ടാരക്കര] സാക്ഷരതാ മിഷനും, 650 പുസ്തകങ്ങൾക്ക് ഒളിവർ ഓഫ്സെറ്റിന് 37600/- (ഡി.ഡി.നം.565887/23.05.16, ഇൻഡ്യൻ ബാങ്ക്,കൊട്ടാരക്കര) രൂപയുമാണ് നൽകിയത്.

സാക്ഷരതാമിഷനിൽ നിന്നും അധികം വാങ്ങിയ 128 പുസ്തകങ്ങൾക്ക് 6400/-(128x50) രൂപയും ഒളിവർ ഓഫ്സെറ്റിൽ നിന്നും വാങ്ങിയ 170 പുസ്തകങ്ങൾക്ക് 9834/-(37600/650x170) രൂപയും ഉൾപ്പെടെ ആകെ 16234/- രൂപയുടെ പുസ്തകങ്ങൾ അധികം വാങ്ങിയിട്ടുണ്ട്. ടി തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.09/01.11.16) മറുപടി നൽകിയിട്ടില്ല.

നടപടിക്രമങ്ങളിലെ അവ്യക്തത, രേഖകളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ പുസ്തകങ്ങൾക്ക് അധികം ചെലവഴിച്ച 16234/- കഴികെ, ബാക്കി തുക 51776/- രൂപ(68000-16234) തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

### പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1** സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച് ഫണ്ട് വിനിയോഗം

ഇല്ല

**4-2** ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

**4-3** മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

**4-4** വായ്പ,വായ്പ തിരിച്ചടവ്

ഇല്ല

**4-5** സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

**4-6** ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|
| 2011-12& 2012-13 | 23670 | ശ്രീ രമേശൻ അസി. എഞ്ചിനീയർ | 11507101316, 27.06.2015 |

**4-7** സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58574771 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70868188 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 49847 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1834141 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 7353 | ശ്രീമതി. അനശ്രീ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 1250 | ശ്രീ. പി. ഒ. മാത്യു, സെക്രട്ടറി |
| | | 500 | ശ്രീ.റഹീംകുട്ടി,അസി.സെക്രട്ടറി |
| | | 11800 | ശ്രീ.വി.സുരേഷ് കുമാർ,സെക്രട്ടറി |
| 3-3 | | 7001 | ശ്രീ. പി. ഒ. മാത്യു, സെക്രട്ടറി |
| | | 1226 | ശ്രീ.റഹീംകുട്ടി,അസി.സെക്രട്ടറി |
| | | 4483 | ശ്രീ.വി.സുരേഷ് കുമാർ,സെക്രട്ടറി |
| 3-17 | | 16234 | ശ്രീ. ജയിംസ് ജോർജ്ജ്, ഹെഡ് മാസ്റ്റർ, കെ.വി.എൽ.പി.എസ്, മൈലം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1150000 | ശ്രീ.വി.സുരേഷ് കുമാർ, സെക്രട്ടറി |
| 3-8 | 342540 | ശ്രീ.വി.സുരേഷ് കുമാർ, സെക്രട്ടറി |
| 3-10 | 80925 | ഡോ. ബിൻസി, മെഡിക്കൽ ഓഫീസർ, പി.എച്ച് സി |
| 3-12 | 170000 | ശ്രീ സിജിൽ രാജ്, വി.ഇ.ഒ |
| 3-17 | 38900 | ശ്രീ.റഹീംകുട്ടി,അസി.സെക്രട്ടറി |
| 3-18 | 51776 | ശ്രീ. ജയിംസ് ജോർജ്ജ്, ഹെഡ് മാസ്റ്റർ, കെ.വി.എൽ.പി.എസ്, മൈലം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പി. ഒ. മാത്യു<br>സെക്രട്ടറി | | മുക്കടയിൽ<br>ഹൗസ്<br>ഈസ്റ്റ് കല്ലട<br>പി.ഒ |
| ശ്രീ.വി.സുരേഷ് കുമാർ<br>സെക്രട്ടറി | | നെല്ലിക്കുന്നത്ത്<br>വീട്<br>മുഖത്തല പി.ഒ |
| ശ്രീ.റഹീംകുട്ടി<br>അസി.സെക്രട്ടറി | | തടത്തിൽ<br>പുത്തൻവീട്<br>കുണ്ടറ പി.ഒ |
| ശ്രീമതി. അനശ്രീ. എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | മണ്ണമ്പള്ളി<br>കൈലാസ് ഭവൻ<br>അവണൂർ പി.ഒ |
| ശ്രീ. ജയിംസ് ജോർജ്ജ്,<br>ഹെഡ് മാസ്റ്റർ,<br>കെ.വി.എൽ.പി.എസ്, മൈലം | | |

**4-9** തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1976-77 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1977-78 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1979-80 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1980-81 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |

| | |
|---|---|
| 1981-82 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1982-83 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1983-84 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1984-85 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1985-86 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1986-87 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1987-88 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1988-89 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1989-1990 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1990-1991 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1991-92 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1992-93 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1993-94 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1994-95 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1995-96 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1996-97 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1997-98 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1998-99 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 1999-00 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2000-01 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2001-02 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |

| | |
|---|---|
| 2002-03 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2003-04 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2004-05 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2005-06 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2006-07 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2007-08 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2008-09 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2009-10 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2010-11 | എൽ.എഫ്.ക്യൂ.പി3/1395/14 തീ: 24.06.14 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-പി3/1924/15 തീ:<br>06.02.16. |
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-പി3/832/16 തീ:<br>23.05.16. |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്
ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ. കെ.എൽ.എം - പി.3 – 1789/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 9/01/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൈലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.